അന്തരിച്ചു

അബ്ദുള്ള കുഞ്ഞി

ചൗക്കി: പരേതനായ ചൗക്കി അബ്ദുൽ ഖാദറിന്റെ മകൻ അബ്ദുള്ള കുഞ്ഞി (65) അന്തരിച്ചു. മീൻ വിൽപ്പനക്കാരനായിരുന്നു. ഹൃദയ സംബന്ധമായ അസുഖത്തെ തുടർന്ന് മംഗളുരു ആശുപത്രിയിൽ ചികിത്സയിൽ ആയിരുന്നു. നീർച്ചാൽ ബദർ നാഗറിലെ അസ്മയാണ് ഭാര്യ. മക്കൾ: നസീറ, സാജിത, അസീന, റസീന, റുമൈസ, അജ്മൽ ബബ്നാസ്, ഫയാസ്. മരുക്കൾ: ഖലീൽ ചെമ്മനാട്, ഇലക്ട്രീഷ്യൻ ഇബ്രാഹിം, നൗഷാദ് മാന്യ, ശിഹാബ്, സിക്കന്തർ തളങ്കര. സഹോദരങ്ങൾ: അബ്ദുറഹ്മാൻ നെല്ലിക്കട്ട, ഹുസൈൻ മൊഗ്രാൽ, ഖദീജ.

കൃഷ്ണൻ മണിയാണി

കാഞ്ഞങ്ങാട്: അലാമിപ്പള്ളിയിലെ ആദ്യകാല ടൈലർ കൊവ്വൽ സ്റ്റോറിലെ പുലിക്കോടൻ കൃഷ്ണൻ മണിയാണി (85) അന്തരിച്ചു. ഭാര്യ: തമ്പായി. മക്കൾ: നാരായണൻ, രവി, വിനോദ്, ഹേമലത, രമ, ശോഭ, ശാരദ: രോഹിണി, ശ്രീദേവി.മിനി. മരുമക്കൾ: സത്യൻ, ഭാസ്ക്കരൻ, പപ്പൻ, ബാലകൃഷ്ണൻ, രമ്യ, നിത്യ ബേബി, കൃഷ്ണൻ, ഗോപാലകൃഷ്ണൻ, ദാമോദരൻ.

കല്യാണി

കാഞ്ഞങ്ങാട്: തണ്ണോട്ട് കൂരാമ്പിലെ പരേതനായ മക്കാക്കോടൻ നാരായണന്റെ ഭാര്യ കല്യാണി (72) അന്തരിച്ചു. മക്കൾ: സുകുമാരൻ, ചന്ദ്രൻ. മരുമകൾ: വിദ്യ.

മഹാലിംഗപാട്ടാളി

അഗൽപ്പാടി: പടുമൂലയിലെ മഹാലിംഗ പാട്ടാളി (76) അന്തരിച്ചു. സിപി എം മാവിനക്കട്ട ബ്രാഞ്ച് സെക്രട്ടറിയാണ്. ഭാര്യ: ദേവകി. മക്കൾ: വിജയൻ, ഉഷ, വിനയൻ, രാഗേഷ്. മരുമക്കൾ: നന്ദിനി, പുഷ്പവതി, ശ്രീജ, സതീശൻ. സഹോദരങ്ങൾ: സീത, ശങ്കരൻ, കേശവൻ.

കൃഷ്ണൻ

പാക്കം :കരുവാക്കോട് പുതിയവളപ്പിൽ പരേതരായ രാമൻ - ചപ്പില ദമ്പതികളുടെ മകൻ വി. കൃഷ്ണൻ (86) അന്തരിച്ചു. ഭാര്യ : പാർവ്വതി മക്കൾ : നളിനി (അധ്യാപിക ലിറ്റിൽ ഫ്ളവർ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ കാഞ്ഞങ്ങാട്), ശങ്കരൻ (ജൈവ കർഷകൻ), കാർത്ത്യായനി കാഞ്ഞങ്ങാട് സൗത്ത്, രാധ, ലളിത പാപ്പിനിശ്ശേരി, കരുണാകരൻ.

മരുമക്കൾ : രാജൻ പി.വി.(റിട്ട. വില്ലേജ് ഓഫീസർ), സവിത കുണ്ടടുക്കം, ബാലൻ, ജയൻ (ഇരുവരും ഗൾഫ്), ജ്യോതി.

പഞ്ചായത്ത് തിരഞ്ഞെടുപ്പ്; വീണു കിട്ടിയ അവസരം മുതലെടുക്കണമെന്ന് അണികൾ; പ്രശ്നങ്ങളുമായി യു ഡി എഫും എൻ ഡി എയും

കാസർകോട്: സംസ്ഥാനത്തു വീണു കിട്ടിയ രാഷ്ട്രീയ സാഹചര്യം മുതലെടുക്കുന്നതിനു പ്രതിപക്ഷ പാർട്ടികൾ ജില്ലയിൽ ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തി.

സി പി എം സംസ്ഥാന സെക്രട്ടറിക്കു സ്ഥാനമൊഴിയേണ്ടി വന്നതും അതിനിടയാക്കിയ സംഭവ വികാസങ്ങളും മുഖ്യമന്ത്രിയുടെ ഓഫീസിനു നേരെ ചൂണ്ടു വിരൽ നിവരുന്നതും പഞ്ചായത്ത് തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ പ്രതിപക്ഷ പാർട്ടികൾക്കു വീണു കിട്ടിയ അവസരമാണെന്ന് ഇടതു പക്ഷം അറിയുന്നു.

എന്നാൽ സാഹചര്യങ്ങളെ ഇത്തരത്തിൽക്കൊണ്ടെത്തിച്ചതിൽ പ്രധാന പങ്കുവഹിച്ച പ്രതിപക്ഷ നേതാവിന്റെ പാർട്ടിക്കു അതിന്റെ വിളവെടുപ്പിനുള്ള ആർജ്ജവത്വം ഉണ്ടോ എന്ന ആശങ്ക അവരുടെ അണികളിൽ നിന്നു വിട്ടുമാറിയിട്ടില്ല. കോൺഗ്രസ് കഴിഞ്ഞാൽ പ്രതിപക്ഷ നിരയിലുള്ള മുസ്ലീംലീഗിന് സി പി എമ്മിനേറ്റ ആഘാതം അതേ തോതിൽ മുതലാക്കാനാവാത്ത സ്ഥിതി ആ പാർട്ടിയുടെ ശക്തി കേന്ദ്രങ്ങളിലെല്ലാമുണ്ട്. ജില്ലയിൽ എം സി ഖമറുദ്ദീൻ എം എൽ എ റിമാന്റിൽ തുടരുന്നതും പാർട്ടി അണികളിൽ നിസ്സംഗത നിലനിറുത്തുന്നു.

അതേസമയം നേതൃനിരയിൽ അഭിപ്രായ ഭിന്നതകൾ തുടരുന്നെങ്കിലും ബി ജെ പിയുടെ കീഴ്ഘടകങ്ങൾ രാഷ്ട്രീയ അവസരം മുതലെക്കുന്നതിനു മുന്നിട്ടിറങ്ങിയിട്ടുണ്ട്. നിലവിൽ രണ്ടു പഞ്ചായത്തുകളിലെ ഭരണ സാരഥ്യമേ ഉണ്ടായിരുന്നുവെങ്കിലും കഴിഞ്ഞ പല തിരഞ്ഞെടുപ്പുകളിലായി ഒരു ബ്ലോക്ക് പഞ്ചായത്തും 8 ഗ്രാമപഞ്ചായത്തുകളും ജില്ലയിൽ ബി ജെ പി ഭരണത്തിലുണ്ടായിരുന്നു. ഈ പഞ്ചായത്തുകൾ ഈ തിരഞ്ഞെടുപ്പിൽ പിടിച്ചെടുക്കണമെന്ന വാശി പഞ്ചായത്തു തലങ്ങളിൽ പാർട്ടി പ്രവർത്തകർ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു.

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്താണ് ബി ജെ പി ഭരണത്തിലുണ്ടായിരുന്നത്.

പൈവളിക, എൻമകജെ, പുത്തിഗെ, മധൂർ, ബെള്ളൂർ, കാറഡുക്ക, കുംബഡാജെ, ബദിയഡുക്ക പഞ്ചായത്തുകളും പല ഘട്ടങ്ങളിൽ ബി ജെ പി ഭരിച്ചിരുന്നു. നിലവിൽ ബി ജെ പിക്കു മധൂർ, ബെള്ളൂർ പഞ്ചായത്തുകളിലാണ് ഭരണമുണ്ടായിരുന്നത്.

എൻമകജെയിലും കാറഡുക്കയിലും കഴിഞ്ഞ പഞ്ചായത്ത് ഭരണ സമിതിയുടെ പകുതിയിലധികം കാലം ഭരണ സാരഥ്യമുണ്ടായിരുന്നെങ്കിലും ബി ജെ പിയെ താഴെയിറക്കാൻ ഇടതു വലതു മുന്നണികൾ യോജിച്ചു. പൈവളികയിലും ബി ജെ പിയെ അധികാരത്തിൽ നിന്നു മാറ്റി നിറുത്തുന്നതിന് ഇത്തരം ധാരണകൾ സഹായിച്ചിട്ടുണ്ടെന്ന് ആക്ഷേപമുണ്ട്.

ഈ പശ്ചാത്തലത്തിൽ നേരത്തെ ഭരണമുണ്ടായിരുന്ന എട്ടു പഞ്ചായത്തുകളും ഈ തിരഞ്ഞെടുപ്പിൽ പിടിച്ചെടുക്കണമെന്നു പ്രവർത്തകർ നേതൃത്വത്തോട് ആവശ്യമുന്നയിച്ചിട്ടുള്ളതായി അണികൾ സൂചിപ്പിച്ചു. എന്നാൽ അത്തരത്തിലുള്ള ശ്രമം ബി ജെ പി നേതൃത്വത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നുവെന്ന് അവർ പറയുന്നു.

ജില്ലാ പഞ്ചായത്ത്: കോൺഗ്രസ് സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു; പിലിക്കോട്ട് പൊട്ടിത്തെറി

കാസർകോട്: ജില്ലാ പഞ്ചായത്തിലേക്ക് മത്സരിക്കുന്ന കോൺഗ്രസ് സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. യുവാക്കൾക്ക് പ്രാതിനിധ്യം നൽകിയുള്ള പട്ടികയാണ് പുറത്തിറക്കിയത്. പതിനേഴംഗ ഭരണ സമിതിയിൽ മുസ്ലീംലീഗും കോൺഗ്രസും എട്ടുവീതം സീറ്റുകളിലും സി എം പി ഒരു സീറ്റിലുമാണ് മത്സരിക്കുന്നത്. വോർക്കാടി ഡിവിഷനിൽ കെ കമലാക്ഷി, പുത്തിഗെയിൽ ഗോവിന്ദനായ്ക് എൽക്കാന, ഉദുമയിൽ ഗീതാ കൃഷ്ണൻ, കള്ളാറിൽ വിനോദ്കുമാർ പള്ളയിൽവീട്, ചിറ്റാരിക്കാലിൽ ജോമോൻ ജോസ്, കരിന്തളത്ത് ക്ലാരമ്മ സെബാസ്റ്റ്യൻ, ബേഡഡുക്കയിൽ നിഷ അരവിന്ദൻ, പിലിക്കോട്ട് ഷാജി തൈക്കീൽ എന്നിവരാണ് കോൺഗ്രസ് സ്ഥാനാർത്ഥികൾ. ഉദുമയിൽ മത്സരിക്കുന്ന ഗീതാകൃഷ്ണനാണ് കോൺഗ്രസിന്റെ പ്രസിഡന്റ് സ്ഥാനാർത്ഥിയെന്നറിയുന്നു. അതേസമയം സ്ഥാനാർത്ഥി നിർണ്ണയത്തെ ചൊല്ലി പാർട്ടിയിൽ പൊട്ടിത്തെറിയും ഉണ്ടായിട്ടുണ്ട്. പിലിക്കോട് ഡിവിഷനിലെ സ്ഥാനാർത്ഥിക്കെതിരെയാണ് പാർട്ടിയിൽ കലാപം തുടങ്ങിയത്. പാർട്ടി വേദികളിലും മറ്റും സജീവമല്ലാത്തയാളാണ് ഇപ്പോൾ സ്ഥാനാർത്ഥി പട്ടികയിൽ കടന്നു കൂടിയതെന്നാണ് ഭൂരിഭാഗം പ്രവർത്തകരും അഭിപ്രായപ്പെടുന്നത്. ചിലരുടെ താൽപര്യത്തിന് വേണ്ടിയാണ് ഇപ്പോഴത്തെ സ്ഥാനാർത്ഥി നിർണ്ണയമെന്നും പരാജയപ്പെട്ടാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഡി സി സി നേതൃത്വത്തിനായിരിക്കുമെന്നും പ്രവർത്തകർ പറഞ്ഞു. സി പി എമ്മിന്റെ ശക്തി കേന്ദ്രമാണ് പിലിക്കോട് ഡിവിഷൻ. എന്നാൽ കഴിഞ്ഞ തവണ സ്ഥാനാർത്ഥിയുടെ മികവും സി പി എമ്മിനകത്തെ പടല പിണക്കവും മൂലം യു ഡി എഫ് നേരിയ വോട്ടിന്റെ ഭൂരിപക്ഷത്തിന് ജയിച്ചു കൂടിയതായിരുന്നു.

ഈയൊരു വിജയമാണ് യു ഡി എഫിന് ജില്ലാ പഞ്ചായത്ത് ഭരണം നേടിക്കൊടുത്തതെന്നതും സത്യമാണ്. ഇത്തവണ പിലിക്കോട് സീറ്റ് ഇടതുമുന്നണിയിൽ എൽ ജെ ഡിക്കാണ് നൽകിയതെങ്കിലും, കഴിഞ്ഞ തവണ നഷ്ടപ്പെട്ട ഈ സീറ്റ് തിരിച്ചു പിടിക്കാൻ സി പി എം ശക്തമായ പ്രവർത്തനം തന്നെ നടത്തുമെന്ന് തീർച്ചയാണ്. ജില്ലാ പഞ്ചായത്ത് ഭരണമാണ് സി പി എമ്മിന്റെ ലക്ഷ്യം. അതുകൊണ്ടുതന്നെ പിലിക്കോട് ഡിവിഷനിലെ മത്സരം കടുക്കുകയും ചെയ്യും.

പുല്ലൂർ പെരിയയിൽ ഗവേഷക വിദ്യാർത്ഥിയും മത്സര രംഗത്ത്

കാസർകോട്:പുല്ലൂർ പെരിയയിൽ ഗവേഷക വിദ്യാർത്ഥി മത്സര രംഗത്ത്. ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിലെ ഇടതുപക്ഷ സ്ഥാനാർത്ഥിയായി. സി.കെ സബിതയാണ് മത്സരം രംഗത്തിറങ്ങിയത്. സൗമ്യമായ സ്വഭാവത്തിനുടമയായ സബിതയെ യു.ഡി.എഫിൽ നിന്ന് വാർഡ് പിടിച്ചെടുക്കാനായാണ് സി.പി.എം രംഗത്തിറക്കിയിരിക്കുന്നത്.

കോമേഴ്സ് വിഷയത്തിൽ ബിരുദാനന്ത ബിരുദം, ബി. എഡ് എന്നിവയുള്ള ഇവർ നിലവിൽ ഗവേഷക വിദ്യാർത്ഥിനിയാണ്. ഹയർ സെക്കണ്ടറി സ്കൂൾ താത്കാലിക അദ്ധ്യാപികയായി അമ്പലത്തറ ജി.വി.എച്ച്.എസ്.എസിൽ നാലു വർഷം പ്രവർത്തിച്ചിരുന്നു. എളേരിത്തട്ട് ഇ.കെ നായനാർ മെമ്മോറിയൽ ഗവണ്മെന്റ് കോളേജിൽ ബിരുദ വിദ്യാർത്ഥി ആയിരിക്കെയാണ് ഇവർ സംഘടനാ രംഗത്തേക്ക് കടന്നു വരുന്നത്. കോളേജ് ചെയർപേഴ്സണായും, ബി.എഡ് വിദ്യാർത്ഥി ആയിരിക്കെ വൈക്കം യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചിരുന്നു.

നിലവിൽ സി.പി.എം ബ്രാഞ്ച് അംഗം, ഡി.വൈ.എഫ്.ഐ മേഖല കമ്മിറ്റി അംഗം, പുകസ കാഞ്ഞങ്ങാട് ഏരിയ കമ്മിറ്റി അംഗം, ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രവർത്തക തുടങ്ങിയ മേഖലകളിലും പ്രവർത്തിച്ചുവരുന്നു. നാട്ടിലെ ഗ്രന്ഥശാല പ്രവർത്തന രംഗത്തു സജീവ സാന്നിധ്യമായ സബിത നല്ലൊരു എഴുത്തുകാരിയും വായനക്കാരിയും കൂടിയാണ്.

നാടുഭരിക്കാൻ ഭാര്യാ– ഭർത്താക്കന്മാർ: ചിലർക്ക് വരവേൽപ്പ്; ചിലർക്ക് പ്രതിഷേധം

പെർള: വീട്ടു ഭരണത്തോടൊപ്പം നാടു ഭരണത്തിനും കച്ചകെട്ടി ഭാര്യാഭർത്താക്കന്മാർ രംഗത്തേക്ക്.

തദ്ദേശ ഭരണ തിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥി നിർണ്ണയം കീറാമുട്ടിയായിക്കൊണ്ടിരിക്കേ ഇത്തരത്തിൽ എത്തിയ ചിലരെ നാട്ടുകാർ കൈനീട്ടി സ്വീകരിക്കുന്നു. അതേസമയം ചിലർക്കെതിരെ പാർട്ടി തിരിഞ്ഞു നിന്നു പ്രതികരിക്കുന്നു. നേതൃത്വം ഇടപെട്ടിട്ടും ചിലർ ഇടഞ്ഞു നിൽക്കുകയും ചെയ്യുന്നു.

എൻമകജെ പഞ്ചായത്തിലെ ഒന്നാം വാർഡായ സായയിൽ കോൺഗ്രസ് നേതാവ് ഐത്തപ്പ കുലാലും രണ്ടാം വാർഡിൽ ഭാര്യ ജയശ്രീ കുലാലും മത്സരിക്കുന്നു. കഴിഞ്ഞ തവണ സായ വനിതാ വാർഡായിരുന്നപ്പോൾ ജയശ്രീ അവിടെ മത്സരിച്ചു ജയിച്ചു. ഭർത്താവ് രണ്ടാം വാർഡിലും മത്സരിച്ചു വിജയക്കൊടി പാറിച്ചു. ഇത്തവണ വനിതാ വാർഡ് ജനറൽ വാർഡും ജനറൽ വാർഡ് വനിതാ വാർഡുമായപ്പോൾ ഭാര്യാഭർത്താക്കന്മാർ വാർഡുകൾ സ്വയം വച്ചുമാറുകയായിരുന്നു. അവരുടെ ഇഷ്ടം അതാണെങ്കിൽ പാർട്ടിക്കും അതുതന്നെയാണിഷ്ടമെന്നു നേതൃത്വം അറിയിച്ചു. നാട്ടുകാർ അവർക്കൊപ്പം ചേർന്നു.കോവിഡ് കാലത്ത് സാറഡുക്ക ചെക്ക് പോസ്റ്റ് അടച്ചപ്പോൾ ഈ വാർഡുകളിലുള്ളവർക്കു ഭക്ഷണസാധനങ്ങൾ എത്തിക്കുകയും പരിചരണം ഉറപ്പാക്കുന്നതിനും നേതൃത്വം നൽകിയതും ഇവരായിരുന്നു. ഈ ചെക്ക് പോസ്റ്റ് കടന്നാണ് ഈ രണ്ടു വാർഡുകളിലെയും ജനങ്ങൾക്ക് ഇപ്പോഴും കേരളത്തിൽ എത്തേണ്ടത്.

കോൺഗ്രസ് സ്ഥാനാർത്ഥികളോട് ആ പാർട്ടിയുടെ നേതൃത്വം കാണിച്ച ഉദാര സമീപനം എന്തുകൊണ്ടു ബി ജെ പി നേതൃത്വത്തിനുമായിക്കൂടാ. ബി ജെ പിനേതാവും മുൻ പഞ്ചായത്ത് പ്രസിഡന്റുമായ രൂപവാണി ആർ ഭട്ട് ഭർത്താവിനു സ്ഥാനാർഥിത്വം നൽകാൻ പാർട്ടി തയ്യാറായ എട്ടാം വാർഡിനു കടുംപിടിത്തം പിടിച്ചു. ഭർത്താവിനു വേണ്ടി അവർ മറ്റു വാർഡുകൾ തരപ്പെടുത്താൻ ശ്രമിച്ചെങ്കിലും പ്രവർത്തകർ എതിർത്തു. നേതൃത്വം പ്രവർത്തകർക്കൊപ്പം ചേരുകയായിരുന്നെന്നു പറയുന്നു.

ബദിയഡുക്ക പഞ്ചായത്തിലെ നാലു വാർഡുകളിൽ ഭാര്യാ- ഭർത്താക്കന്മാർ ബി ജെ പി സ്ഥാനാർത്ഥിത്വത്തിന് ഒരു കൈ നോക്കിയിരുന്നു. എന്നാൽ ആ ആഗ്രഹം മുളപൊട്ടിയപ്പോൾത്തന്നെ അണികൾ ഇടപെട്ടു. നേതൃത്വത്തിന്റെ ഇടപെടൽ കൂടിയായപ്പോൾ അവർ വിട്ടു വീഴ്ചക്കു തയ്യാറാവുകയായിരുന്നെന്നു പറയുന്നു.

മഞ്ചേശ്വരം പഞ്ചായത്തിലെ ബഡാജെ വാർഡ് കഴിഞ്ഞ തിരഞ്ഞെടുപ്പിനു വനിതാ വാർഡായിരുന്നു. അതിനു മുമ്പ് ജനറൽ വാർഡും. ഇപ്പോൾ ഈ വാർഡ് വീണ്ടും ജനറൽ വാർഡായപ്പോൾ ആദ്യം ജനറൽ വാർഡിൽ മത്സരിച്ചു ജയിച്ച ബി ജെ പി നേതാവ് സ്ഥാനാർത്ഥിത്വം അവകാശപ്പെട്ടു രംഗത്തു വന്നു. മാത്രമല്ല, ഭാര്യയെ മത്സരരംഗത്തു നിന്ന് എങ്ങനെ മാറ്റി നിറുത്തുമെന്ന ആശങ്കയും പ്രകടിപ്പിച്ചു. രണ്ടു പേരും മത്സരരംഗത്തു നിന്നു മാറിയാൽ പാർട്ടിക്ക് ആശ്വാസമാവുമെന്നു പ്രവർത്തകരും അഭിപ്രായപ്പെട്ടിരിക്കുകയാണെന്നു പറയുന്നു.

പള്ളി കോമ്പൗണ്ടിലെ ചന്ദനം കൊള്ള; പ്രതിയെ സ്ഥലത്തെത്തിച്ചു തെളിവെടുത്തു

ചന്ദനക്കേസ് പ്രതിയെ സ്ഥലത്തെത്തിച്ച് തെളിവെടുപ്പ് നടത്തുന്നു

ബോവിക്കാനം: മുളിയാർ ബാവിക്കരയിലെ പള്ളികോമ്പൗണ്ടിൽ നിന്നു ചന്ദനമരം മുറിച്ചു കടത്തിയ കേസിൽ അറസ്റ്റിലായ ബാവിക്കര പുതിയ വീട്ടിലെ കെ എം ബഷീറി(51)നെ ഫോറസ്റ്റ് അധികൃതർ ഇന്നലെ സ്ഥലത്തെത്തിച്ചു തെളിവെടുത്തു. കേസിലെ രണ്ടാം പ്രതിയാണ് ഇയാൾ. ഇയാളെ കോടതിയിറിമാന്റ്ചെയ്തു. ഒന്നാം പ്രതി ബാവിക്കരയിലെ മുഹമ്മദ്കുഞ്ഞിയെ നേരത്തേ അറസ്റ്റ് ചെയ്തിരുന്നു. ഈ സംഭവത്തിൽ ഇനിയും പ്രതികളുണ്ടാവുമെന്ന് അധികൃതർ സൂചിപ്പിച്ചു.

ഇന്നത്തെ സ്വർണ്ണ വില
ഗ്രാമിന്: 4770
പവന്:38160
CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
PH : 04994 225095/220695
citygoldgroups.com

19 കാരിയെ കാണാതായി

കാഞ്ഞങ്ങാട്: പത്തൊൻപതുകാരിയെ കാണാനില്ലെന്ന ബന്ധുക്കളുടെ പരാതിയിൽ ഹൊസ്ദുർഗ്ഗ് പൊലീസ് കേസെടുത്തു.വാഴുന്നോറടി പെരിയോട്ട് സ്വദേശിനിയെയാണ് കാണാതായത്. നേരത്തെ കൂടെ പഠിച്ചിരുന്ന ഉപ്പിലിക്കൈ സ്വദേശിയായ യുവാവിനെയും കാണാതായിട്ടുണ്ട്.

ചെങ്കള ഗ്രാമപഞ്ചായത്തിലെ ഹോട്ടലുകളിൽ റെയ്ഡ്

ചെങ്കള:ചെങ്കള ഗ്രാമപഞ്ചായത്തിലെ നെല്ലിക്കട്ട, ചെർക്കള ടൗൺ, ആലംപാടി എന്നീ സ്ഥലങ്ങളിലെ ഹോട്ടലുകളിൽ ചെങ്കള ആരോഗ്യ വിഭാഗം പരിശോധന നടത്തി. പരിശോധനയിൽ മൂന്ന് ഹോട്ടലുകൾക്ക് നോട്ടീസ് നൽകി. രണ്ട് ഹോട്ടലുകളിൽ നിന്നും പഴകിയ ഭക്ഷണം പിടിച്ചെടുത്തു നശിപ്പിച്ചു. ഹോട്ടലുകളിലെ ആഹാരം പാകം ചെയ്യുന്നവരും മറ്റ് ജീവനക്കാരും നിർബന്ധമായും കോവിഡ് ആന്റിജൻ പരിശോധന ഓരോ 28 ദിവസം കൂടുമ്പോഴും നടത്തണമെന്നും അതിന്റെ പരിശോധനാഫലം ഹോട്ടലുകളിൽ സൂക്ഷിക്കണമെന്നും ചെങ്കള ഹെൽത്ത് ഇൻസ്പെക്ടർ ഇൻചാർജ് രാജേഷ് കെ എസ് ഹോട്ടൽ ജീവനക്കാർക്ക് കർശന നിർദ്ദേശം നൽകി. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ഹാസിഫ്, കൃഷ്ണപ്രസാദ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ആശാ മോൾ തുടങ്ങിയവർ പങ്കെടുത്തു.

ചെങ്കള പഞ്ചായത്തിലെ ഹോട്ടലുകളിൽ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടന്ന പരിശോധന.

IMA Kasaragod & Rotary club Kasaragod
WMA & IAP Kasaragod
LD DIABETIC DAY
2020 NOV 14
LKATHON

ലോക പ്രമേഹ ദിനത്തിൽ ഐ. എം. എ .കാസർകോട് റോട്ടറി ക്ലബ് സംയുക്താഭിമുഖ്യത്തിൽ നടത്തിയ നടത്തം പുതിയ ബസ് സ്റ്റാൻഡ് പരിസരത്ത് കളക്ടർ സജിത്ത് ബാബു ഫ്ളാഗ് ഓഫ് ചെയ്യുന്നു.

SYS SSF
മെമ്പർഷിപ്പ് ഡേ

കേരള മുസ്ലീം ജമാഅത്ത് എസ് വൈസ് എസ്, എസ് എസ് എഫ് മെമ്പർഷിപ്പ് ഡേയുടെ ഭാഗമായി സഅദാബാദ് യൂണിറ്റ് കൗണ്ടറിൽ പള്ളങ്കോട് അബ്ദുൽ ഖാദിർ മദനിയുടെ നേതൃത്വത്തിൽ അപേക്ഷകൾ സ്വീകരിക്കുന്നു.

ബൈക്ക് വാങ്ങാൻ സ്വരൂപിച്ച തുക ചികിത്സക്ക് നൽകി വിദ്യാർത്ഥിയുടെ മാതൃക

കാഞ്ഞങ്ങാട്: കരുണാപരമായ പ്രവർത്തനത്തിലൂടെ ഒരു നാടിനു മാതൃകയാവുകയാണ് പുതിയകണ്ടം മൂലപ്പള്ളി കരുണാകരൻ ആചാരി- തങ്കമണി ദമ്പതികളുടെ മകനായ മിഥുൻ. പഠനത്തിന്റെ ഒഴിവു സമയങ്ങളിൽ ജോലി ചെയ്ത് ഒരു ബൈക്ക് വാങ്ങാൻ സ്വരൂപിച്ച് വെച്ച തുകയാണ് മിഥുൻ, എറണാകുളം അമൃത ഹോസ്പിറ്റലിൽ കരൾ രോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്ന ഇരിയയിലെ ആര്യതീർത്ഥ എന്ന കുട്ടിയുടെ ചികിത്സാ സഹായ നിധിയിലേക്ക് നൽകിയത്.

ആര്യതീർത്ഥക്കുള്ള ചികിത്സാ സഹായനിധി മിഥുൻ കുടുംബാംഗങ്ങൾക്കു കൈമാറുന്നു

തന്റെ ആഗ്രഹങ്ങൾക്കപ്പുറം ഒരു കുഞ്ഞിന്റെ ജീവൻ ആണ് വലുത് എന്ന് കരുതിയ മിഥുന്റെ നല്ല മനസ്സിനെ നാട്ടുകാർ പ്രശംസിച്ചു. രാഷ്ട്രീയ സ്വയം സേവക സംഘം പുതിയകണ്ടം ശാഖ ശിക്ഷക് കൂടിയാണ് മിഥുൻ. ആര്യതീർത്ഥയുടെ അമ്മയുടെ വീടായ ഒടയംചാലിൽ എത്തിയാണ് തുക കൈമാറിയത്. അജാനൂർ പഞ്ചായത്ത് ഒമ്പതാം വാർഡ് മെമ്പർ ഗീത ബാബുരാജ്, പ്രസാദ് മിഥില, കുഞ്ഞിരാമൻ മൂലപ്പള്ളി, ജിതിൻ എന്നിവർ സംബന്ധിച്ചു.

മെമ്പർഷിപ്പ് ദിനം സംഘടിപ്പിച്ചു

ചെമ്മനാട്: കേരള മുസ്ലീം ജമാഅത്ത്, സുന്നി യുവജന സംഘം(എസ്.വൈ.എസ്), സുന്നി സ്റ്റുടെന്റ് ഫഡറേഷൻ(എസ്.എസ്.എഫ്.) എന്നി സംഘടനകളുടെ പുതിയ മെമ്പർഷിപ്പ് പ്രചരണ ഉദ്ഘാടനം മുസ്ലിം ജമാഅത്ത് ജില്ല സെക്രടറി സീ.എൽ ഹമീദ് നിർവഹിച്ചു. സകീർ എട്ടുംവളപ്പിൽ ആധ്യക്ഷം വഹിച്ചു. സമീർ കാങ്കുയിൽ, അഷ്റഫ് കെ.ടി, റഹ്മാൻ ഹൈവേ, നാഫിഹ്, നിഹാദ് മുതലായവർ പ്രസംഗിച്ചു. അബൂബക്കർ സഅദി പ്രാർത്ഥന നടത്തി. മുബീൻ പള്ളങ്ങോട് സ്വാഗതവും, ഹാഫിസ് സിയാദ് നന്ദിയും പറഞ്ഞു.

സി.വി.അനന്തൻ മാഷ് ഓർമ്മയായി

കാഞ്ഞങ്ങാട്: ജന്മിത്വ നാടുവാഴിത്തത്തിനെതിരെ കുറ്റിക്കോൽ ബേഡകം ദേലംപാടി മേഖലയിൽ കമ്മ്യൂണിസ്റ്റ്കർഷക പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ കമ്മ്യൂണിസ്റ്റ്സി.വി.അനന്തൻ മാഷ് (90) ഓർമ്മയായി.

മുന്നാട് എ. യു പി സ്കൂൾ അദ്ധ്യാപകനായി പ്രവർത്തനം തുടങ്ങി ഹെഡ്മാസ്റ്ററായി പിരിഞ്ഞു. നീലേശ്വരം രാജാസ്ഹൈസ്കൂളിലാണ് വിദ്യാഭ്യാസം പൂർത്തിയാക്കിയത്. കാസർകോട് പാർലിമെൻറ്മണ്ഡലത്തിൽ എ.കെ.ജി.മത്സരിച്ചപ്പോൾ പ്രധാന ചുമതലക്കാരാനായിരുന്നു അനന്തൻ മാഷ് . പാർട്ടി ഭിന്നിച്ചപ്പോൾ സി.പി.എമ്മിനോടൊപ്പം നിന്നും. 1975 ൽ വീണ്ടും സി.പി.ഐ.യിൽ തിരിച്ചു വന്നു. നിലവിൽ ചാലിങ്കാൽ പാർട്ടി ബ്രാഞ്ചിലെ അംഗമായിരുന്നു. ഭാര്യ: യശോദ (ജി.എച്ച്എസ് മുന്നാട് റിട്ട: അധ്യാപിക). മക്കൾ: ഡോ. ശൈലജ (തൃശൂർ) , പ്രീത (അധ്യാപിക ജി.എച്ച്എസ്കൂളിയാട്) ശ്രീലത (ചാലിങ്കാൽ വനിത സഹകരണ സംഘം സെക്രട്ടറി). മരുമക്കൾ: ഡോ. ജയരാജൻ (പാലക്കാട് മെഡിക്കൽ കോളേജ്) ദാമോദരൻ (റിട്ട.. എ .എസ്. ഐ) ഭാസ്കരൻ ചാലിങ്കാൽ(ബ്ലോക്ക് കോൺഗ്രസ്സ് ജനറൽ സെക്രട്ടറി). സഹോദരങ്ങൾ: പരേതരായ സി.വി കണ്ണൻ, സി.വി അമ്പു, സി.വി മീനാക്ഷി.

ചികിത്സയിലായിരുന്ന യുവാവ് മരിച്ചു

വിദ്യാനഗർ: കിഡ്നി സംബന്ധമായ രോഗത്തെ തുടർന്ന് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു.പന്നിപ്പാറ ഹിമായത്ത് മാൻസിലിലെ അഹമ്മദ് ഇഫാസത്ത്(24)ആണ് മരിച്ചത്. അഞ്ച് വർഷം മുമ്പ് കിഡ്നി മാറ്റിവെച്ചിരുന്നു.മാതാവ് യാസ്മിനാണ് കിഡ്നി നൽകിയത്.വിദ്യാനഗർ ത്രിവേണി കോളേജിൽ ബികോം അവസാന വർഷ വിദ്യാർഥിയായിരിക്കെയാണ് കിഡ്നി മാറ്റിവച്ചത്.

കോൺഗ്രസ് കാസർകോട് ബ്ലോക്ക് ജനറൽ സെക്രട്ടറി സിലോൺ അഷറഫിന്റെയും യാസ്മിന്റെയും മകനാണ്.സഹോദരങ്ങൾ: ആയിഷത്ത് ഇഷാന,അബൂബക്കർ ഹിമായത്ത്(പ്ലസ് ടു വിദ്യാർഥി,തൻബീഹുൽ ഇസ്ലാം ഹയർസെക്കൻഡറി സ്കൂൾ)

ദേശീയപാത ടാറിംഗ്: ഗുണനിലവാരം ഉറപ്പു വരുത്തും

മൊഗ്രാൽ: പെർവാഡ് കാസർകോട് ദേശീയപാതയിലെ ടാറിങ് ജോലികളിൽ ഗുണനിലവാരം ഉറപ്പുവരുത്തുമെന്ന് കാസർകോട് ക്വാളിറ്റി കൺട്രോൾ മെറ്റീരിയൽ എൻജിനീയർ അനിൽകുമാർ, അസി: എൻജിനീയർ ശ്രീനിത്ത് കുമാർ എസ് എന്നിവർ അറിയിച്ചു.ദേശീയപാത കുഴി അടക്കലിലും, റീ ടാറിഗിലും വ്യാപകമായ ക്രമക്കേട് നടക്കുന്നുവെന്ന് കാണിച്ച് മൊഗ്രാൽ ദേശീയവേദി പൊതുമരാമത്ത് വകുപ്പ് മന്ത്രിക്കയച്ച പരാതിയിന്മേൽ അന്വേഷണത്തിനെത്തിയതായിരുന്നു കാസർകോട് ദേശീയപാത ക്വാളിറ്റി മെറ്റിരിയൽ കൺട്രോൾ ഉദ്യോഗസ്ഥർ. ചർച്ചയിൽ പ്രസിഡണ്ട് മുഹമ്മദ് അബ്കോ, എം എ മൂസ, വിജയകുമാർ, റിയാസ് മൊഗ്രാൽ, മുഹമ്മദ് സ്മാർട്ട് എന്നിവർ സംബന്ധിച്ചു.

പയ്യന്നൂരിലെ അമാൻ ഗോൾഡ് തട്ടിപ്പ്; 10 പരാതികൾ കൂടി

പയ്യന്നൂർ: ഫാഷൻ ഗോൾഡ് ജ്വല്ലറി തട്ടിപ്പ് മോഡലിൽ പയ്യന്നൂർ അമാൻ ഗോൾഡിൽ നടന്ന തട്ടിപ്പുമായി ബന്ധപ്പെട്ട് പത്ത് പരാതികൾ കൂടി.നേരത്തെ ആറ് കേസുകൾ രജിസ്റ്റർ ചെയ്തതിന് പിന്നാലെയാണ് കൂടുതൽ പരാതികളുമായി നിക്ഷേപകരെത്തിയത്. ലക്ഷക്കണക്കിന് രൂപയുടെ തട്ടിപ്പാണ് ഇവിടെ നടന്നത്. ജ്വല്ലറി ഉടമ മൊയ്തു ഹാജി ഒളിവിലാണ്.

Vol -27, Issue No -220 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: **256225, Office: 256751, 255322, Circulation: 255725, Res:223237** P.B No: 26, E-Mail: karavaldaily@hotmail.com